## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5191 26.03.2018 - ൽ മറുപടിക്ക്

# നെയ്യാറ്റിൻകര മണ്ഡലത്തിലെ സി. ആർ. എഫ് പ്രവൃത്തികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ആൻസലൻ :** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയ സി. ആർ. എഫ് ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനം നടത്തുന്ന നെയ്യാറ്റിൻകര - പൂവ്വാർ പട്ടികകാല - പരണിയം റോഡിന്റെ ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ടോ എന്ന് അറിയിക്കുമോ; എത്ര കോടി രൂപയ്ക്കാണ് പ്രസ്തുത പണികൾ ടെണ്ടർ നൽകിയതെന്ന് അറിയിക്കുമോ ; | (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ നെയ്യാറ്റിൻകര - പഴയകട - പൂവ്വാർ - പട്ട്യകാല - പരണിയം റോഡിന് സി. ആർ. എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 15 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു |
| (ബി) | സി. ആർ. എഫ്. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകളുടെ ഭരണാനുമതിയ്ക്കായി ശിപാർശ ചെയ്യുന്നത് സംസ്ഥാനത്തിലെ എം. എൽ. എ. മാരാണോ എം പി. മാരാണോ എന്ന് വ്യക്തമാക്കാമോ ; | (ബി) | അല്ല. പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി ബഹു. മന്ത്രിയുടെ അംഗീകാരത്തോടെ സമർപ്പിക്കുകയാണ്. എം. പി / എം. എൽ. എ - മാരുടെ അപേക്ഷ സർക്കാർ പരിഗണിക്കാറുണ്ട്. |

| | | | |
|---|---|---|---|
| (സി) | സി. ആർ.എഫ് ഫണ്ട് കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് നൽകുന്നത് സംസ്ഥാനത്തിന് ലഭിക്കേണ്ട ഏത് ഫണ്ടിൽ നിന്നെന്ന് വ്യക്തമാക്കുമോ ; | (സി) | സംസ്ഥാനങ്ങളിൽ നിന്നും പിരിക്കുന്ന പെട്രോളിന്റെയും (100%) ഹൈസ്പീഡ് ഡീസലിന്റെയും (50%) സെസ് തുകയുടെ 27% അതാത് സംസ്ഥാനങ്ങളുടെ റോഡുകളുടെ നവീകരണത്തിനും പാലങ്ങളുടെ നിർമ്മാണത്തിനുമായി നൽകുന്നു. |
| (ഡി) | സി .ആർ. എഫ് ഫണ്ട് 2017 - 18 - ൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ? | (ഡി) | 2017 - 18 - ൽ 215.99 കോടി രൂപയുടെ 16 പദ്ധതികൾക്ക് സി. ആർ. എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. |

S. Bindu

**സെക്ഷൻ ഓഫീസർ**